## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3634** **20.06.2019-ൽ മറുപടിക്ക്**

**ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.വി. കെ. ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ.പി.കെ.ബഷീർ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ദിനംപ്രതി ആശങ്കാജനകമായി വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കണക്കിലെടുത്ത് ക്യാൻസർ രോഗബാധ ആരംഭദശയിൽ തന്നെ കണ്ടെത്തുന്നതിന് താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായിട്ടാണ് ക്യാൻസർ സെന്ററുകളിൽ നിന്നുമുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ആയതിനാൽ ആരോഗ്യവകുപ്പ് ക്യാൻസർ രോഗ നിർണ്ണയ-നിയന്ത്രണ - ബോധവൽക്കരണത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. എല്ലാ ജില്ലകളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ രീതികൾ ഉൾപ്പെടുന്ന സേവനങ്ങൾ നൽകി വരുന്നു. നിലവിൽ 'ജില്ലാ ക്യാൻസർ കെയർ പദ്ധതി' 23 ആശുപത്രികളിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ കാൻസർ നിർണ്ണയവും അനുബന്ധ ചികിത്സയും നൽകി വരുന്നു. ഇതിനു പുറമേ കാൻസർ നിർണ്ണയ ക്യാമ്പുകൾ, ക്ലിനിക്കുകൾ തുടങ്ങിയവ ആരോഗ്യ വകുപ്പ് എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കി വരുന്നു. |
| (ബി) | ഇത്തരം ആശുപത്രികളിൽ മെഡിക്കൽ ഓങ്കോളജി വിഭാഗം ആരംഭിക്കുന്നതിനും കീമോതെറാപ്പി ഉൾപ്പെടെയുള്ള കൂടുതൽ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ആരോഗ്യവകുപ്പിൽ ക്യാൻസർ രോഗവിദഗ്ദരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള അസിസ്റ്റന്റ് സർജൻമാർക്ക് റീജിയണൽ ക്യാൻസർ സെന്ററിൽവച്ച് വിദഗ്ദ്ധ പരിശീലനം നൽകി ഈ സെന്ററുകളിൽ വിന്യസിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റ് കേഡർ റേഡിയോതെറാപ്പി വിഭാഗത്തിൽ ഡോക്ടർമാരെ വിന്യസിപ്പിച്ചുവരുന്നതിനാൽ ഈ യൂണിറ്റുകൾ ശാക്തീകരിക്കുന്നതിന് സാധ്യമാകുന്നുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ക്യാൻസർ സ്റ്റാറ്റജി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതോടെ ആശുപത്രികളിൽ ക്യാൻസർ ചികിത്സാ |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. |
| (സി) | പ്രൈമറി ഹെൽത്ത് സെന്ററുകൾ, സർക്കാർ ഓഫീസുകൾ, സ്കൂൾ-കോളേജ് എന്നിവ കേന്ദ്രീകരിച്ച് ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും പ്രതിരോധത്തിനും അവബോധത്തിനും എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | പ്രൈമറി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ച് സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയിലൂടെ വദനാർബുദം, സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നിവയുടെ പ്രാഥമിക വിവരശേഖരണവും പരിശോധനയും നടത്തുന്നതിന് ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് അർബുദരോഗത്തെ കുറിച്ച് പുകയില, മദ്യപാനം എന്നിവയുടെ ദോഷഫലങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**